

ബഥാനിയ

"അവൻ അവരെ ബഥാനിയാ വരെ കൂട്ടിക്കൊണ്ടുപോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു"
(ലൂക്കാ. 24, 50)

BETHANIA RENEWAL CENTRE, PULLOORAMPARA, KOZHIKODE - 673 603

ജ്ഞാനവും അറിവും നേടണം

ഫാ. ജോർജ്ജ് മുണ്ടനാട്ട്
(ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം)

മൂന്നര വയസ്സുള്ള കുഞ്ഞിനെയും കൂട്ടി ഒരു തീരുമാനമെടുക്കാനാണ് ആ മാതാപിതാക്കൾ എന്റെ അടുക്കൽ വന്നത്. കുഞ്ഞിനെ ഏത് സ്കൂളിൽ ചേർക്കണം എന്നതാണ് അവരുടെ പ്രശ്നം. വീടിന്റെ തൊട്ടടുത്ത് പള്ളിവക എയ്ഡഡ് സ്കൂൾ. മാതാപിതാക്കൾക്ക് കൊണ്ടുപോയി വിടാവുന്ന ദൂരം മാത്രം. 3 കിലോമീറ്റർ അകലെ ഒരു സി.ബി.എസ്.സി. സ്കൂൾ. 6 കിലോമീറ്റർ അകലെ ഒരു സ്റ്റേറ്റ് സിലബസ് ഇംഗ്ലീഷ്മീഡിയം സ്കൂൾ. അങ്ങനെയിരിക്കെ കൂട്ടുകാരികൾ കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനായി നാടും വീടും വിട്ട് ടൗണിലേയ്ക്ക് താമസം മാറ്റിയ കാര്യം അറിയുന്നത്. എന്തുചെയ്യണം. എന്തു ചെയ്യും. 3 വയസ്സുള്ള കുഞ്ഞിന്റെ പഠനം ഏത് സ്കൂളിൽ ആരംഭിക്കണം? ഏത് സിലബസ്സ് പഠിക്കണം? എവിടെ ചേർക്കണം? ആകെ മൊത്തം ആശയക്കുഴപ്പം. പരിഹാരം കാണുവാനാണ് 2 പേരും കൂടി ബഥാനിയായിൽ എത്തിയത്. അവരെടുത്ത തീരുമാനത്തെക്കുറിച്ച് എനിക്കറിയില്ല. പക്ഷേ, ഇന്ന് പല മാതാപിതാക്കളെയും അലട്ടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിത് എന്ന് പറയാതിരിക്കാനാവില്ല.

മറ്റൊരു സംഭവം ഓർമ്മയിൽ വരുന്നു. വർഷങ്ങൾക്ക് മുമ്പാണ്. സ്ഥൈര്യലേപന കൂദാശയുടെ സ്വീകരണത്തിന് ഒരുക്കമായുള്ള ഒരു ധ്യാനം നടത്തുവാനായി ഒരിടവകയിൽ ചെന്നു. 4 ദിവസത്തെ ധ്യാനം. 2-ാം ദിവസം മുതൽ ഒരു കുട്ടിയെ ധ്യാനത്തിന് കാണാതായി. വികാരിയച്ചൻ എന്നെയും കൂട്ടി വൈകുന്നേരം വീട്ടിൽ ചെന്നു. അപ്പനോടും അമ്മയോടും കാര്യം തിരക്കി. എന്റെ കുഞ്ഞിന് ഇതൊന്നുമില്ലെങ്കിലും കുഴപ്പമൊന്നുമില്ല, അവന്റെ കമ്പ്യൂട്ടർ കോഴ്സ് തീരാനായി. ഇനിയും ക്ലാസ്സുകൾ മുടങ്ങാൻ പാടില്ല. ധ്യാനമൊന്നും കൂടാതെ സ്ഥൈര്യലേപനം സ്വീകരിക്കാൻ പറ്റുമെങ്കിൽ മതി. ഇതായിരുന്നു അപ്പന്റെ പ്രതികരണം. വികാരിയച്ചൻ ഒരക്ഷരം മറുപടി പറയാതെ എന്നെയും കൂട്ടി പടിയിറങ്ങി. 2 വർഷങ്ങൾ കഴിഞ്ഞ് ഞാൻ ബാംഗ്ലൂർ ധർമ്മരാം കോളേജിൽ പഠിക്കുമ്പോൾ ഒരു ഭർത്താവും ഭാര്യയും കൂടി എന്നെ കാണുവാൻ വന്നു. എനിക്ക് വലിയ പരിചയം തോന്നിയില്ല. ഇടവകയും സ്ഥലവുമെല്ലാം ഞാൻ അവിടെ ധ്യാനത്തിനു ചെന്നതും വീട്ടിൽ ചെന്നതുമൊക്കെ അവർ വിവരിച്ചു. അവസാനം അവർ ഇങ്ങനെ പറഞ്ഞു. അച്ചൻ അവനെ രക്ഷിക്കണം. അവനിപ്പോൾ ഇവിടെയാണ് പഠിക്കുന്നത്. കോളേജിൽ നിന്ന് സസ്പന്റ് ചെയ്തിരിക്കുകയാണ്. വലിയ ഉഴപ്പനായി ജീവിക്കുന്നു. വലിയ വേദനയോടെ മകനെക്കുറിച്ച് അവർ ആവലാതിപ്പെട്ടു. അല്പസമയം കഴിഞ്ഞ് മകനെയും കൂട്ടി അവർ വന്നു. നീണ്ടുവളർന്ന മുടിയും താടിമീശയും വളരെ അയഞ്ഞ ഒരു ടീ ഷർട്ടും, പാന്റും ധരിച്ച ആ മകനെക്കണ്ടിട്ട് എനിക്ക് തിരിച്ചറിയാനേ കഴിഞ്ഞില്ല. 2 വർഷം മുമ്പ് ആ അപ്പൻ പറഞ്ഞ കാര്യങ്ങൾ എന്റെ മനസ്സിലേക്കോടിയെത്തി. "ഇതൊന്നും എന്റെ കുഞ്ഞിന് ആവശ്യമില്ല പോലും" ആ മകനെയോർത്ത് കണ്ണീർപൊഴിച്ച മാതാപിതാക്കളെ ഇന്നും മറക്കാനായിട്ടില്ല.

ഒരു ഇടവകയിൽ ധ്യാനിപ്പിക്കുവാൻ ചെന്നപ്പോഴാണ് ആ ഇടവകയിലെ ഒരു കുടുംബത്തിൽ നിന്ന് വിശ്വാസപരിശീലനത്തിന് ഒറ്റ കുട്ടികളെപ്പോലും മാതാപിതാക്കൾ വിടുന്നില്ല എന്ന് വികാരിയച്ചൻ എന്നോട് പറഞ്ഞത്. വീട് സന്ദർശനത്തിനിടയിൽ കാര്യം ചോദിച്ചപ്പോൾ അപ്പന്റെ മറുപടി എന്നെ അത്ഭുതപ്പെടുത്തി. വേദപാഠം പഠിച്ചിട്ട് ഇന്ന് ആർക്കെങ്കിലും ജോലി കിട്ടിയിട്ടുണ്ടോ അച്ചോ? ആകെപ്പാടെ ആഴ്ചയിലൊരിക്കൽ ലഭിക്കുന്ന അവധിദിവസമാ, അന്ന് സ്കൂൾ വിഷയങ്ങൾക്ക് ട്യൂഷൻ, എൻട്രസ് കോച്ചിംഗ് എന്നുവേണ്ട സകല ക്ലാസ്സുകളിലും പങ്കെടുക്കേണ്ടതിനാൽ വേദപാഠം വേണ്ടെന്ന് വച്ചിരിക്കുകയാണ് പോലും. വൈകുന്നേരം വി. കുർബാനയ്ക്ക് മുടങ്ങാതെ പോയിരുന്നു. കുട്ടികൾ വൈകിട്ടത്തെ കുർബാനയ്ക്ക് ചെല്ലുന്നത് വികാരിയച്ചന് ഇഷ്ടമില്ലാത്തതിനാൽ ഇപ്പോൾ പള്ളിയിൽ പോകലും നിർത്തി.

കുട്ടികൾ പഠിക്കേണ്ടന്നോ, നല്ല സ്കൂളിൽ പോകേണ്ട എന്നോ ട്യൂഷൻ നല്കി കൂടുതൽ കാര്യക്ഷമമായി പഠിക്കുവാൻ പ്രോത്സാഹനം നല്കേണ്ട എന്നോ ഒന്നും അർത്ഥമാക്കിയിട്ടില്ല. മുകളിൽ വിവരിച്ച സംഭവങ്ങൾ നമുക്ക് നല്കുന്ന പാഠങ്ങൾ നാം ചിന്തിക്കേണ്ടതുണ്ട്. അറിവാണോ ജ്ഞാനമാണോ പ്രധാനപ്പെട്ടത് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനായാൽ കാര്യങ്ങൾ എളുപ്പമാകും. പുതിയ തലമുറ അറിവിന് മാത്രം പ്രാധാന്യം നല്കുമ്പോൾ പഴയ തലമുറ ജ്ഞാനത്തിനും അതോടൊപ്പം അറിവിനും പ്രാധാന്യം നല്കിയിരുന്നു എന്ന് വേണം മനസ്സിലാക്കാൻ. ദൈവത്തെക്കുറിച്ചുള്ള അജ്ഞത, വിശ്വാസ കാര്യങ്ങളിലെ അറിവില്ലായ്മ ഇതൊന്നും മക്കളിൽ ഒരിക്കൽപ്പോലും ഉണ്ടാകാൻ പാടില്ലായിരുന്നു എന്ന ചിന്ത നമ്മുടെ പൂർവ്വീകർക്കുണ്ടായിരുന്നു. മാന്യമായ പെരുമാറ്റം, ലാളിത്യ ജീവിതം, എളിമ, കരുണ, കരുതലിന്റെ മനസ്സ്, മറ്റുള്ളവരെ ബഹുമാനിക്കൽ, വിശ്വാസകാര്യങ്ങളിലെ നിഷ്കർഷകൾ ഇവയൊന്നും നഷ്ടമാകാതെ പഠിപ്പിക്കുവാൻ മാതാപിതാക്കൾ ഉത്സുകരായിരുന്നു എന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ എത്ര പഠിച്ചാലും ഉയർന്നാലും സാമ്പത്തികമായ ഉന്നതി പ്രാപിച്ചാലും അടിസ്ഥാന ഗുണങ്ങൾ അങ്ങനെയുള്ളവരിൽ നമുക്ക് കാണാം.

ഒരു ടൗണിൽ വണ്ടിയിറങ്ങി നില്ക്കുന്ന സമയം. അപ്പോഴാണ് എന്റെ ഒരു സുഹൃത്ത് ആ വഴി വന്നത്. അദ്ദേഹത്തിന്റെ

-ശേഷം പേജ് 2-

1-ാം പേജ് തുടർച്ച -

കീഴിൽ 200 ഓളം ഗവൺമെന്റ് ജോലിക്കാരുണ്ട്. ഇന്ത്യയിലെ ഉന്നതമായ ഒരു സ്ഥാപനത്തിലിരിക്കുന്നയാൾ. എന്നെ കണ്ടമാത്രയിൽ ആ ടൗണിന്റെ നടുവിൽ വച്ച് ആ മനുഷ്യൻ എന്റെ കാൽതൊട്ട് വണങ്ങി എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. ഫലങ്ങൾ നിറഞ്ഞുനില്ക്കുന്ന മരം ഭാരത്താൽ കുനിയുന്നതുപോലെ, ഉന്നതമായ സ്ഥാനത്തിരിക്കുമ്പോഴും എളിമ കൈവെടിയാത്ത ആ മനുഷ്യന്റെ സ്വഭാവം എന്നെ അത്ഭുതപ്പെടുത്തി.

പണ്ടൊക്കെ പഠനത്തിൽ ഒരു പക്ഷേ അനേകർ പരാജയപ്പെട്ടിട്ടുണ്ടാകാം. ജീവിത സാഹചര്യങ്ങൾ, കഷ്ടപ്പാടുകൾ, സൗകര്യമില്ലായ്മ, സാമ്പത്തിക ബുദ്ധിമുട്ടുകൾ എന്നിവയാൽ പഠനം പാതിവഴിയെ ഉപേക്ഷിച്ചവർ. ഒരു മകൻ പങ്കുവച്ചതുപോലെ ഒരു ദിവസം 20 പൈസ ഉണ്ടായിരുന്നെങ്കിൽ 10-ാം ക്ലാസ്സ് പഠനം പൂർത്തിയാക്കാമായിരുന്നു. എന്നാൽ 6-ാം ക്ലാസ്സ് വരെയെ പഠിക്കാനായുള്ളൂ. പക്ഷേ, ഇങ്ങനെ പഠനത്തിൽ പരാജയപ്പെട്ടവരിൽ പലരും ജീവിതത്തിൽ വിജയിച്ചതായി നമുക്ക് കാണാം.

ഗൾഫിൽ ഒരു കമ്പനി നടത്തുന്ന ആളെ പരിചയപ്പെടാനിടയായി. അദ്ദേഹത്തിന്റെ സംസാരവും കാര്യപ്രാപ്തിയും വേഷഭൂഷാധികളും കണ്ട് ഞാൻ അദ്ദേഹത്തിന്റെ വിദ്യാഭ്യാസയോഗ്യതയെപ്പറ്റി ചോദിച്ചറിഞ്ഞു. അദ്ദേഹം പറഞ്ഞു. ഞാൻ പത്താം ക്ലാസ്സ് 3 വട്ടം തോറ്റ ആളാണ്. പക്ഷേ, ഇന്ന് ഏത് ബിസിനസ്സുകാരോടും സംസാരിക്കാനും, കരാറുകളിൽ ഏർപ്പെടാനും, എല്ലാവരെയും നയിക്കാനുമുള്ള പ്രാപ്തി ദൈവം എനിക്ക് തന്നിട്ടുണ്ട്.

ഇന്ന് പല മക്കളും പഠനത്തിൽ വിജയിക്കുകയും ജീവിതത്തിൽ പരാജയപ്പെടുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. പല ഡിഗ്രികളുടെയും, സർട്ടിഫിക്കറ്റുകളും ഭാഷാനൈപുണ്യവും ഒക്കെ ഉണ്ടെങ്കിലും കാര്യപ്രാപ്തിയുടെ കാര്യത്തിൽ പഴയ തലമുറയുടെ ഏഴ് അയലത്തുപോലും എത്തിപ്പെടുവാൻ കഴിയുന്നില്ല എന്നുള്ളത് ഇത് വായിക്കുന്ന ആരും സമ്മതിക്കും എന്നാണ് എനിക്ക് തോന്നുന്നത്.

എന്തുകൊണ്ട് ഇന്ന് ഇപ്രകാരം സംഭവിക്കുന്നു എന്ന് നാം ചിന്തിക്കണം. അറിവിനോടൊപ്പം അടിസ്ഥാനമൂല്യങ്ങളും ദൈവിക ജ്ഞാനവും മക്കളിൽ നിറയണം. ഒന്നിനെയും നാം അപ്രധാനമായി കാണേണ്ടതില്ല. അറിവ് തീർച്ചയായും വേണം. ജ്ഞാനം ഒട്ടും കുറയരുത് താനും.

സോളമൻ പ്രാർത്ഥിച്ചത് ജ്ഞാനത്തിനുവേണ്ടി മാത്രമാണ് എന്ന് നാം മറക്കരുത്. ഭൗതീകമായ അറിവുകളും സാമർത്ഥ്യങ്ങളും നേട്ടങ്ങളും ജീവിതത്തിന് ആവശ്യമാണ്. എന്നാൽ അതിന്റെ പിന്നിലെ ദൈവിക വശം മറന്നുകൊണ്ടാകരുത് നമ്മുടെ വളർച്ച. എന്നു പറഞ്ഞാൽ നല്ല സ്കൂളുകളും കോളേജുകളും തിരഞ്ഞെടുക്കുവാൻ കാണിക്കുന്ന അതേ ശുഷ്കാന്തിയോടുകൂടിത്തന്നെ കുഞ്ഞിന്റെ ആത്മീയ മേഖല രൂപപ്പെടുത്തുവാനും നാം താത്പര്യം കാണിക്കേണ്ടതുണ്ട്. അനുദിന പ്രാർത്ഥന, കുടുംബ പ്രാർത്ഥന, വ്യക്തിപരമായ പ്രാർത്ഥന, ജപമാല സമർപ്പണം, കുമ്പസാരം, വി. കുർബാനയിലെ പങ്കാളിത്തം, ഇടവകയിലെ സംഘടനാപ്രവർത്തനങ്ങൾ, വിശ്വാസപരിശീലനം, അവധിദിവസങ്ങളിൽ വി. കുർബാനയിൽ കുഞ്ഞുങ്ങളെ പറഞ്ഞുവിടുവാനുള്ള താത്പര്യം ഇങ്ങനെ കുഞ്ഞുങ്ങളുടെ നല്ല സ്വഭാവത്തിനും ധാർമ്മിക വിശ്വാസ മൂല്യങ്ങളുടെ വളർച്ചയ്ക്കും ആവശ്യമായ കാര്യങ്ങളിലുള്ള ശ്രദ്ധ ഇതൊക്കെയാണ് സത്യത്തിൽ ജ്ഞാനിയാക്കി മാറ്റുന്ന ഘടകങ്ങൾ. ഇവയൊക്കെ വേണ്ടെന്നുവച്ച്, വേണ്ടത്ര പ്രാധാന്യങ്ങൾ ഇവയ്ക്ക് നല്കാതെ മക്കളുടെ അറിവിന്റെ തലത്തെ മാത്രം ഗൗരവമായി എടുക്കുന്ന മാതാപിതാക്കൾ ഭാവിയിൽ ദു:ഖിക്കേണ്ടിവരും എന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നു.

ഒരു നല്ല മനുഷ്യൻ എന്നുപറഞ്ഞാൽ വേണ്ടത്ര വിദ്യാഭ്യാസം ഉള്ള വ്യക്തി എന്നുമാത്രമല്ലല്ലോ അർത്ഥമാക്കുന്നത്. അറിവിനോടൊപ്പം ജീവിതത്തിന്റെ സദ്ഗുണങ്ങൾ ആർജ്ജിച്ചവനാകണം. വളരുന്ന തലമുറ ജ്ഞാനത്തിലും അറിവിലും വളരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ജൂൺ 2016

ഫോൺ : 0495-2276383, 9539535364

ജൂലൈ 2016

ബഥനിയായിൽ

03	ജാഗരണപ്രാർത്ഥന, ഏകദിനകൺവെൻഷൻ
04	ഗർഭിണികൾക്കായുള്ള പ്രാർത്ഥന
05–10	ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം
10	ഏകദിന കൺവെൻഷൻ
17	ഏകദിന കൺവെൻഷൻ
19–24	ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം
24	ഏകദിന കൺവെൻഷൻ

എല്ലാ ആദ്യശനിയാഴ്ചകളിലും ഗർഭിണികൾക്കായുള്ള പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്.

01	ഏകദിനകൺവെൻഷൻ ജാഗരണപ്രാർത്ഥന
02	ഗർഭിണികൾക്കായുള്ള പ്രാർത്ഥന
03–08	രൂപത വൈദികരുടെ ധ്യാനം
08	ഏകദിനകൺവെൻഷൻ
10–15	രൂപത വൈദികരുടെ ധ്യാനം
15	ഏകദിനകൺവെൻഷൻ
21	അഖണ്ഡജപമാല സമർപ്പണം ആരംഭം
24–29	ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം (ശനി മുതൽ വ്യാഴം വരെ)
30	ഏകദിന കൺവെൻഷൻ

മക്കളില്ലാത്ത ദമ്പതികൾക്ക് വേണ്ടി
എല്ലാ ശനിയാഴ്ചയും വൈകിട്ട് 7 മണിക്ക് പ്രത്യേക പ്രാർത്ഥന, വി. കുർബ്ബാന, ജപമാലറാലി, സ്തുതി ആരാധന

ആന്തരികസൗഖ്യ ദൈവാനുഭവ ധ്യാനം

ഈ ധ്യാനത്തിലൂടെ ജീവിതത്തിൽ ഇതിനുമുമ്പ് അനുഭവിക്കാൻ സാധിക്കാത്ത ഒരു ആനന്ദം ലഭിച്ചു. പരിശുദ്ധാത്മാവിന്റെ നിറവിൽ ധ്യാനിക്കാൻ സാധിച്ചു. ഒരു ആത്മീയ ആനന്ദത്തോടെ സ്തുതിക്കാൻ സാധിച്ചു. അതോടൊപ്പം ബൈബിൾ വായിക്കാനും ജപമാല ചൊല്ലാനും വി. ബലിയിൽ പങ്കെടുത്തതും ഏറ്റവും വലിയ സന്തോഷത്തിന്റെ നിമിഷമായിത്തീർന്നിരുക്കുന്നു.

അനുപമ ജോയി

ഈ ധ്യാനത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചപ്പോൾ തമ്പുരാൻ എന്റെ തലവേദന മാറ്റിത്തന്നു. അതോടൊപ്പം മുട്ടുകുത്തുമ്പോൾ ശക്തമായ വേദനയുണ്ടായിരുന്ന എനിക്ക് ആ വേദനയും മാറ്റിത്തന്നു. ഇപ്പോൾ മുട്ടുകുത്തി പ്രാർത്ഥിക്കാൻ സാധിക്കുന്നു.

സാന്റോ തറയിൽ
തിരുവമ്പാടി

ഈ ധ്യാനത്തിൽ നിയോഗം വച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു പാട് അനുഗ്രഹങ്ങൾ ഈശോ നൽകി. പരിഹാര ചാപ്പലിൽ പോയി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ ദൈവം എന്റെ മുടി കൊഴിച്ചിൽ മാറ്റിത്തന്നു. അതോടൊപ്പം തന്നെ എന്റെ കാലിൽ ഉണ്ടായിരുന്ന ഒരു മുഴയും കർത്താവ് മാറ്റിത്തന്നു. അതോടൊപ്പം പ. അമ്മയോടും ജപമാലയോടുമുള്ള ഭക്തി വർദ്ധിപ്പിക്കാനും ഇടവന്നു.

ജോസ്ന ആഗസ്തി

ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിച്ചതിൽ ദൈവത്തിന് നന്ദിപറയുന്നു. എന്റെ ശരീരത്തിൽ നിറയെ കുരുക്കൾ ഉണ്ടായിരുന്നു. ആരാധനയിൽ അച്ചൻ വിളിച്ചുപറഞ്ഞ സന്ദേശത്തിൽ ശരീരത്തിൽ കുരുവും വയറ്റിൽ നിന്ന് രക്തം പോവുന്ന ഒരു വ്യക്തിയെ ഈശോ സുഖപ്പെടുത്തുന്നു എന്ന്. അത്ഭുതകരമായി സൗഖ്യം നൽകിയ എന്റെ ദൈവത്തിന് നന്ദി പറയുന്നു.

മേരി ജെയിംസ് ബാംഗ്ലൂർ

എനിക്ക് ധ്യാനത്തിനുവരാൻ വലിയ താത്പര്യം ഇല്ലായിരുന്നു. പക്ഷെ ഇവിടെ വന്ന് ധ്യാനം തുടങ്ങിയതുമുതൽ എന്തോ ഒരു ആനന്ദം അനുഭവിക്കാൻ കഴിഞ്ഞു. ഭാഷാവരത്തിൽ സ്തുതിക്കാൻ ദൈവം കൃപ നൽകി. പരിശുദ്ധാത്മാവിനോട് ഒരു ആഴമായ സ്നേഹം എന്നിൽ രൂപപ്പെട്ടു. പരിഹാര ചാപ്പലിൽ പോയി ത്യാഗം ചെയ്ത് മുട്ടുകുത്തി (പ്രാർത്ഥിച്ചതുവഴി) ഒരുപാട് അനുഗ്രഹങ്ങൾ ലഭിച്ചു. ഇപ്പോൾ എനിക്ക് തോന്നുന്നത് എന്റെ ദൈവം എന്നെ അറിഞ്ഞ് തിരഞ്ഞെടുത്ത് എനിക്കായി ഒരുക്കിയ ഒരു ധ്യാനമായിരുന്നു ഇത് എന്ന്.

വിനയ കാവുങ്കൽ

രണ്ടു വർഷമായി ശക്തമായ തുമ്മലിൽ അലർജിമൂലം ഞാൻ ഏറെ കഷ്ടപ്പെട്ടിരുന്നു. ഈ ധ്യാനത്തിലൂടെ കർത്താവ് എന്റെ അലർജി എടുത്തുമാറ്റി സൗഖ്യം തന്നു.

സാന്ദ്രാ സെബാസ്റ്റ്യൻ

എന്റെ ജീവിതത്തിലെ ഒരു വലിയ അനുഗ്രഹമായിരുന്നു ഈ ധ്യാനം. ഇവിടെ വരുമ്പോൾ എനിക്കുണ്ടായിരുന്ന ഒരു വിഷമം ധ്യാനം കിടന്നുകൊണ്ട് കൂടണം എന്നതായിരുന്നു. എണീറ്റിരിക്കാൻ സാധിക്കില്ലായിരുന്നു. ആദ്യ ദിവസം കട്ടിലിൽ കിടന്ന് ധ്യാനം കൂടി. എന്നാൽ രണ്ടാമത്തെ ദിവസം മുതൽ ദൈവം എന്നെ എഴുന്നേൽപ്പിച്ചിരുത്തി. എന്റെ ദൈവത്തെ ഞാൻ ആരാധിക്കുന്നു.

ആസിയാ ബിവി ഇടുക്കി

പരിശുദ്ധ കുർബാനയെക്കുറിച്ചും, പരിശുദ്ധ അമ്മയെക്കുറിച്ചും ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. പുസ്തകങ്ങൾ വായിക്കുമ്പോൾ കണ്ണിൽ നിന്നും അസ്വസ്ഥത ഉണ്ടാകുമായിരുന്നു. എന്നാൽ ഇവിടെ ധ്യാനത്തിൽ വന്ന് ആദ്യവചനം വായിച്ച നിമിഷം മുതൽ എന്റെ കണ്ണിന്റെ രോഗം മാറിക്കിട്ടി.

അനുമോൾ ബാബു, ലക്കിടി

വിശ്വാസ ജീവിതത്തിൽ ആഴപ്പെടാൻ സാധിച്ചു. ദൈവത്തോട് ഒരു കൂട്ടുകാരനോടെന്നപോലെ സംസാരിക്കാനും എനിക്ക് സാധിച്ചു. ദൈവത്തിൽ വിശ്വസിക്കുമ്പോൾ മനസ്സിന് ലഭിക്കുന്ന സന്തോഷം എത്രമാത്രം വലുതാണെന്ന് ഇന്ന് ഞാൻ മനസ്സിലാക്കുന്നു.

ശ്രേയസ് ജോസ് മരങ്ങാട്ടി

ഒരു ക്രിസ്ത്യാനിയായി ജനിക്കാൻ കഴിഞ്ഞതിൽ ഞാനിപ്പോൾ അഭിമാനം കൊള്ളുന്നു. വിശ്വാസ സത്യങ്ങളെക്കുറിച്ച് കൂടുതലൊന്നും അറിയില്ലാതിരുന്ന എനിക്ക്, സഭയെക്കുറിച്ചും, സഭയുടെ പാരമ്പര്യത്തെക്കുറിച്ചും, വിശ്വാസ സത്യങ്ങളെക്കുറിച്ചും കൂടുതൽ ഗ്രഹിക്കാൻ സാധിച്ചു. ഇപ്പോൾ മനസ്സിന് ഒരു വലിയ സന്തോഷം തോന്നുന്നു.

സോന തെള്ളിയിൽ

ഞായറാഴ്ച ധ്യാനത്തിന് ബഥാനിയായിൽ എത്തിയപ്പോൾ എങ്ങനെ ധ്യാനിക്കാം, എങ്ങനെ പ്രാർത്ഥിക്കാം എന്ന ഒരു ചിന്ത ഉണ്ടായിരുന്നു. എന്നാൽ ധ്യാനം തുടങ്ങിയശേഷം ഓരോ ദിവസങ്ങളിലൂടെയും കടന്നുപോയപ്പോൾ വലിയൊരു ദൈവാനുഭവം തിരിച്ചറിയാൻ സാധിച്ചു. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അഭിമാനിക്കാനും ജീവിക്കാനും പ്രേരണ നൽകിയ ക്ലാസ്സുകളാണ് ഇവിടെ ലഭിച്ചത്. +2 കഴിഞ്ഞ് എന്ത് കോഴ്സ് തിരഞ്ഞെടുക്കണം എന്ന് തീരുമാനമെടുക്കാൻ കഴിയാതെ വിഷമിച്ചുനിന്ന എനിക്ക് ഏത് തിരഞ്ഞെടുക്കണം എന്ന് ഈശോ കാണിച്ചുതന്നു. ഇപ്പോൾ വലിയ ആത്മീയ സന്തോഷം അനുഭവിക്കാൻ സാധിച്ചു.

റോസ്മേരി സി. എ. കൂരാച്ചുണ്ട്

ധ്യാനത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചപ്പോൾ മനസ്സിൽ നിന്ന് ഒരു ഭാരം ഒഴിഞ്ഞുപോവുകയും ആത്മീയമായ ഒരു ഉണർവ്വ് ലഭിക്കുകയും ചെയ്തു. എല്ലാ ദിവസവും പ്രാർത്ഥിക്കുവാനും, ദിവ്യബലിയിൽ പങ്കെടുക്കുവാനും ഒരു പ്രചോദനം ലഭിച്ചു. ഇനി എങ്ങനെയായിരിക്കണം ഞാൻ ജീവിക്കേണ്ടത് എന്ന് വ്യക്തമായ ഒരു ഉൾക്കാഴ്ച ലഭിച്ചു.

രൂപേഷ് തിരുവമ്പാടി

ഏകദിന ശുശ്രൂഷകൾ

ബഥാനിയായിൽ വന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി മകന് ദുബായിയിൽ ഒരു നല്ല ജോലി ലഭിച്ചു. ദൈവമേ നന്ദി... ദൈവമേ സ്തുതി...

മേഴ്സി പുതിയാകുന്നേൽ, മുത്തപ്പൻപുഴ

ആദ്യവെള്ളിയാഴ്ച ശുശ്രൂഷകളിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഇന്റർവ്യൂ പാസായി. അഖണ്ഡജപമാലയിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി വിദേശത്ത് നല്ലൊരു ജോലി ദൈവം ക്രമീകരിച്ചുതന്നു. ദൈവത്തിനും പരിശുദ്ധ അമ്മയ്ക്കും ഒരായിരം നന്ദി അർപ്പിക്കുന്നു.

ഏലിയാമ്മ കൂടരഞ്ഞി

ഞങ്ങളുടെ വീടും സ്ഥലവും വിൽക്കുന്നതിനും പുതിയ വീടും സ്ഥലവും വാങ്ങുന്നതിനുമായി ഒത്തിരി പ്രാർത്ഥിച്ചു. അങ്ങനെ ബഥാനിയായിൽ 9 വെള്ളിയാഴ്ച പ്രാർത്ഥനയിൽ പങ്കെടുക്കാമെന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി കർത്താവ് ഒരു നല്ല വീടും സ്ഥലവും ഒരുക്കിത്തരികയും ഞങ്ങളുടെ സ്ഥലത്തിന്റെ വില്പന നടത്തിതരുകയും ചെയ്തു. യേശുവിന് ഒത്തിരി നന്ദി

റൂബി അനീഷ് തോട്ടുമുക്കം

വെള്ളിയാഴ്ച ശുശ്രൂഷകളിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി മകളുടെ വിവാഹതടസ്സം മാറിക്കിട്ടുകയും, വിവാഹം ഭംഗിയായി നടക്കുകയും ചെയ്തു. കർത്താവിന് ഒരായിരം നന്ദിയും, ആരാധനയും, സ്തുതിയും സമർപ്പിക്കുന്നു.

സ്കറിയാ പാലാത്തറ

ബഥാനിയായിൽ വന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരിക്കലും വിജയിക്കാൻ സാധിക്കില്ലെന്ന് കരുതിയിരുന്ന പരീക്ഷയിൽ എന്റെ 2 മക്കളും വിജയിച്ചു. അതോടൊപ്പം സാമ്പത്തികമായ ഞെരുക്കവും ഈശോ ഇടപെട്ട് ക്രമീകരിച്ചുതന്നു.

ഷൈല കോടഞ്ചേരി

ഈ വർഷത്തെ SSLC പരീക്ഷയിൽ നല്ല മാർക്ക് ലഭിക്കുവാനായി നിയോഗം വെച്ച് പ്രാർത്ഥിക്കുകയും എല്ലാ വിഷയങ്ങൾക്കും A^+ നൽകി ഈശോ എന്നെ അനുഗ്രഹിക്കുകയും ചെയ്തു. ഈശോയ്ക്ക് നന്ദി പറയുന്നു.

അനു ജോജി പുന്നക്കൽ

കഴിഞ്ഞ 8 വർഷമായി സ്ഥലം വാങ്ങി വീടുവെയ്ക്കുവാൻ പ്രാർത്ഥിക്കുകയായിരുന്നു. അതിന്റെ ഫലമായി എല്ലാ വിധ സൗകര്യങ്ങളോടുംകൂടി 5 സെന്റ് സ്ഥലം വാങ്ങിക്കാനും, അതിൽ ഒരു വീടു വെയ്ക്കാനും തമ്പുരാൻ കൃപ നൽകി. ഈശോയ്ക്ക് നന്ദി.

ജെസ്സി ഓലിക്കൽ, പുല്ലൂരാംപാറ

എന്റെ സഹോദരന്റെ വിവാഹം കഴിഞ്ഞ് 3 വർഷങ്ങൾ കഴിഞ്ഞിട്ടും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. അവർ രണ്ടുപേരും ബഥാനിയായിൽ വന്ന് ധ്യാനം കൂടുകയും, മക്കളില്ലാത്ത ദമ്പതിമാർക്കുവേണ്ടിയുള്ള നൊവേനയിൽ പങ്കെടുക്കുകയും, നിയോഗം വെച്ച് അഖണ്ഡജപമാലയിൽ പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി ദൈവം അവർക്ക് ഒരു പെൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. ഈശോയ്ക്ക് നന്ദി.

ഡെയ്സി പുല്ലൂരാംപാറ

പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ

17-ാമത് ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും

ജൂലൈ 21 വ്യാഴം മുതൽ ഒക്ടോബർ 29 ശനി വരെ

നിയോഗം :

കുടുംബനവീകരണത്തിനും

യുവജനങ്ങൾക്കും വേണ്ടി

കരുണയുടെ വർഷത്തോടനുബന്ധിച്ച് എല്ലാ ദിവസങ്ങളിലും രാവിലെ 6 മണിക്കും 12 മണിക്കും വൈകുന്നേരം 7 മണിക്കും വിശുദ്ധ കുർബ്ബാനയും കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

Night Vigil

ജാഗരണ പ്രാർത്ഥന

എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും

ജപമാല, വചനപ്രഘോഷണം, സാക്ഷ്യങ്ങൾ, സൗഖ്യാരാധന, വി. കുർബാന

നിയോഗം : ജോലി തടസ്സങ്ങൾ മാറിക്കിട്ടുന്നതിനുവേണ്ടി

2016
ജൂലൈ 1 വെള്ളി
06.30 pm to
01.00 am

Puthenpurackal Printers, Thiruvambady Ph : 9846330036